# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത | 24-02-2016 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ : **3218**

## ഇുറമുഖം വഴിയുള്ള ചരക്കുനീക്കം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.എൻ.എ. ഖാദർ : | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) തുറമുഖങ്ങൾ വഴിയുള്ള ചരക്കു നീക്കത്തിന്റെ ചാർജ്ജ് നിശ്ച യിക്കുന്നത് ആരാണ് എന്ന് വ്യക്തമാക്കാമോ ; | (എ) കേരളത്തിലെ നോൺ മേജർ തുറമുഖങ്ങൾ വഴിയുള്ള ചരക്കു നീക്കത്തിന്റെ നിരക്ക് നിശ്ചയിക്കുന്നത് കേരള സർക്കാരും തുറമുഖ വകുപ്പും ചേർന്നാണ് . മേജർ തുറമുഖങ്ങളിലെ ചരക്കു നീക്കത്തിന്റെ നിരക്ക് നിശ്ചയിക്കുന്നത് കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയത്തിനു കീഴിലുള്ള താരിഫ് അതോറിറ്റി ഫോർ മേജർ പോർട്ട്സ് (TAMP) ആണ്. |
| (ബി) കൊച്ചി തുറമുഖം വഴിയുള്ള ചരക്കുനീക്കത്തിന് ചാർജ്ജ് കൂടുതലാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) കൊച്ചിൻ പോർട്ട്സ് വഴിയുള്ള ചരക്ക് നീക്കത്തിന് ചാർജ് കൂടുതലാണെന്ന പരാതികൾ ഒന്നും തന്നെ തുറമുഖ വകുപ്പിൽ ലഭിച്ചിട്ടില്ല. |
| (സി) ഈ ചാർജ്ജ് വീണ്ടും വർദ്ധി പ്പിക്കുന്നതിനുള്ള നീക്കം നടക്കു ന്നതായുള്ള വാർത്ത ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ ;<br><br>(ഡി) ഇത്തരത്തിൽ ചാർജ്ജ് അടിക്കടി വർദ്ധിപ്പിക്കുന്നത് ഈ തുറമുഖം വഴിയുള്ള ചരക്കു നീക്കത്തെ ബാധിക്കുമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുന്ന തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയി ക്കാമോ ; | (സി) യും (ഡി) യും 10-07-2013 മുതൽ 31-03-2015 വരെ പ്രാബല്യത്തിൽ വരത്തക്ക വിധമാണ് അവസാനമായി നിരക്ക് പുതുക്കിയത്. ഇക്കാര്യത്തിനു തീരുമാനം എടുക്കേണ്ടത് താരിഫ് അതോറിറ്റി ഫോർ മേജർ പോർട്ട്സാണ് (TAMP). |

| | | | |
|---|---|---|---|
| (ഇ) | തുറമുഖങ്ങൾ വഴിയുള്ള ചരക്കു നീക്കം പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ? | (ഇ) | കേരളത്തിലെ നോൺ മേജർ തുറമുഖങ്ങൾ വഴിയുള്ള ചരക്കു നീക്കം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കോസ്റ്റൽ ഷിപ്പിംഗിന് ഇൻസെന്റീവ് ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ